കുമ്പാറ- കുരങ്ങത്തുംപാറ വനാതിർത്തിയിൽ കോൺക്രീറ്റ് തൂണുകളുടെ നിർമ്മാണം

109 (4150) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കുമ്പാറ-കുരങ്ങത്തുംപാറ വനാതിർത്തിയിൽ കോൺക്രീറ്റ് തൂണുകൾ നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി എത്രയും വേഗം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ഡിവിഷൻ താമരശ്ശേരി റെയിഞ്ചിൽപ്പെടുന്ന കുമ്പാറ-കുരങ്ങത്തുംപാറ വനാതിർത്തിയിൽ 165 ജണ്ടകൾ നിർമ്മിക്കുന്നതിന് അടങ്കൽ തയ്യാറാക്കുകയും 1,46,000 രൂപയുടെ അടങ്കൽ അംഗീകരിക്കുകയും ടെണ്ടർ ക്ഷണിക്കുകയും പ്രസ്തുത ജോലി നടപ്പു വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

വന്യജീവികളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം കണക്കാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

110 (4152) ശ്രീ. എ. ഡി. അപ്പച്ചൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കുപറ്റുന്നവർക്കോ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കോ വസ്തുവകകൾക്ക് നാശനഷ്ടം സംഭവിക്കുന്നവർക്കോ നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥകളടങ്ങിയ 1980-ലെ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിം ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് ഇപ്പോഴും നിലവിലുണ്ടോ ;

(ബി) പ്രസ്തുത ചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയമാവുകയോ വസ്തുവകകൾക്ക് നഷ്ടം സംഭവിക്കുകയോ ചെയ്യുന്നവർക്ക് വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ട്, മോട്ടോർ വെഹിക്കിൾസ് ആക്ട്, ലാൻഡ് അക്വിസിഷൻ ആക്ട് എന്നിവയിൽ നഷ്ട പരിഹാരം കണക്കാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly